തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# ഇരുപത്തിയൊന്നാമത് പണ്ഡിതസഭാ യോഗതീരുമാനങ്ങൾ

**അക്ഷരം കാമ്പസ്, വാക്കാട് - 2019 മേയ് 14**

**പങ്കെടുത്തവർ:**

1. ഡോ. വി. അനിൽകുമാർ (വൈസ് ചാൻസലർ) അദ്ധ്യക്ഷൻ
2. ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)
3. ഡോ. എം.ആർ. രാഘവവാരിയർ
4. ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ
5. ഡോ. എൻ.പി. ചന്ദ്രശേഖരൻ
6. ഡോ. കെ. കർണമഹാരാജൻ
7. ഡോ. മോഹൻദാസ് യു.എ.
8. ഡോ. ഖദീജാ മുംതാസ്
9. ശ്രീമതി കലാമണ്ഡലം ഹൈമവതി
10. ഡോ. പി. പവിത്രൻ
11. ശ്രീ കെ.പി. രാമനുണ്ണി
12. ഡോ. എം. ശ്രീനാഥൻ
13. ഡോ. കെ.എം. ഭരതൻ
14. ഡോ. പി. സതീഷ്
15. ശ്രീ പി. ജയരാജൻ

വൈസ് ചാൻസലറുടെ ആമുഖഭാഷണത്തോടെ യോഗം രാവിലെ 10.30 ന് ആരംഭിച്ചു.

ഇനം **1/21** | **തദ്ദേശവികസനപഠനം - കോഴ്സ് പുനഃസംഘടന സംബന്ധിച്ച്**

(2346/എ2/2018/അഡ്മിൻ)

അക്കാദമിക് കൗൺസിലിന്റെ ശുപാർശ പ്രകാരം രൂപീകരിച്ച ഉപസമിതിയുടെ റിപ്പോർട്ട്, വിദ്യാർത്ഥികളുമായുള്ള യോഗങ്ങൾ എന്നിവ കണക്കിലെടുത്ത് എം.എ. തദ്ദേശവികസനപഠനം എന്ന കോഴ്സിന്റെ പേര് എം.എ. വികസനപഠനം

(തദ്ദേശവികസനം) എന്നാക്കി മാറ്റണമെന്നും അത് വികസനപഠനത്തിന് കേരളീയ പരിസരത്തിൽ പ്രാമുഖ്യം നൽകുന്ന കോഴ്സായിരിക്കണമെന്നും തീരുമാനിച്ചിരുന്നു. 03.04.19 ൽ ചേർന്ന പുനഃസംഘടിപ്പിക്കപ്പെട്ട പഠനബോർഡിന്റെ ആദ്യയോഗത്തിൽ രജിസ്ട്രാർ നേരിട്ടെത്തി ഇക്കാര്യം ബോർഡിനെ അറിയിച്ചിരുന്നു. എന്നാൽ യോഗത്തിന്റെ മിനിറ്റ്സിൽ എം.എ. വികസനപഠനം എന്നു നിർദ്ദേശിച്ചുകൊണ്ട് അതിന് അനുസൃതമായ പാഠ്യപദ്ധതി തയ്യാറാക്കിയതായാണ് കാണുന്നത്. ഇക്കാര്യങ്ങൾ അക്കാദമിക് കൗൺസിൽ വിശദമായി ചർച്ച ചെയ്തു.

**തീരുമാനം 1/21**

1. എം.എ. വികസനപഠനം (തദ്ദേശവികസനം) എന്നു തന്നെയാവണം കോഴ്സിന്റെ പേര്

വികസനപഠനത്തിന് കേരളീയ പരിസരത്തിൽ പ്രാമുഖ്യം നൽകുന്ന കോഴ്സായിരിക്കണം. ശുദ്ധമായ സാമ്പത്തികശാസ്ത്രമല്ല ഇവിടെ വിഷയം. കേരളീയ ജീവിത കേന്ദ്രീകൃതമായിട്ടുള്ള വികസനദർശനമാവണം പാഠ്യപദ്ധതിയുടെ ലക്ഷ്യം.

2. 9.11.2018 നുശേഷം അക്കാദമിക് കൗൺസിൽ ചേരാൻ കഴിയാതിരുന്ന സാഹചര്യത്തിൽ, പ്രവേശനവിജ്ഞാപനത്തിൽ എം.എ. തദ്ദേശവികസനപഠനം എന്നാണ് ഉൾക്കൊള്ളിച്ചിരുന്നത്. അതിനാൽ എം.എ. തദ്ദേശവികസനപഠനം എന്ന പേരിൽ അപേക്ഷ ക്ഷണിച്ചിരുന്ന കോഴ്സിന്റെ പേര് എം.എ. വികസനപഠനം (തദ്ദേശവികസനം) എന്നതായിരിക്കുമെന്ന് അക്കാദമിക് കൗൺസിൽ യോഗം തീരുമാനിച്ചു.

ഇനം **2/21**

## ഈ അദ്ധ്യയനവർഷത്തിൽ കുറഞ്ഞ അപേക്ഷകരുള്ള കോഴ്സുകളുടെ പ്രവേശനപരീക്ഷ ഒഴിവാക്കുന്നത് സംബന്ധിച്ച്

(125/2019/പ.വി.)

**തീരുമാനം 2/21** പ്രവേശന പരീക്ഷ ഈ വർഷം ഒഴിവാക്കേണ്ടതില്ലെന്നും ഏതു ബിരുദവിദ്യാർത്ഥിക്കും പ്രവേശനം നേടാവുന്ന കോഴ്സുകളിൽ പ്രവേശന പരീക്ഷ തന്നെയായിരിക്കണം മാനദണ്ഡമെന്നും തീരുമാനിച്ചു.

ഇനം
**3/21**

## സ്ഥിരാധ്യാപക നിയമനവും വർക്ക് ലോഡ് കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച്

(1460/എ1/2019/അക്കാദമികം)

**തീരുമാനം 3/21** സ്ഥിരാധ്യാപകരെ നിയമിക്കുന്നതിനുള്ള തടസ്സം കഴിയുന്നത്ര വേഗം ഒഴിവാക്കാനും അതുവരെ സർവകലാശാലയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് അത്യാവശ്യം വേണ്ട അതിഥി അദ്ധ്യാപകരെ ജൂലൈ മുതൽ നിയമിക്കുവാനും തീരുമാനിച്ചു.

ഇനം
**4/21**

## യു.ജി.സി. നടത്തുന്ന നെറ്റ്, ജെ.ആർ.എഫ്.കൂടാതെ സിവിൽ സർവീസ് പരീക്ഷ എന്നിവയ്ക്ക് പരിശീലനം നൽകുവാൻ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച്

(225/2015/2015/വി.സി.)

സിവിൽസർവീസ് പരീക്ഷക്ക് പരിശീലനം ആരംഭിക്കുന്നത് വിശദമായ ആലോചനകൾക്ക്ശേഷം തയ്യാറെടുപ്പുകളോടെ നടപ്പിലാക്കേണ്ടതാണ്. അടുത്ത ഡിസംബറിലെ NET പരീക്ഷക്കു ക്ലാസുകൾ ആരംഭിക്കുന്നതിന് ആദ്യം പദ്ധതി തയ്യാറാക്കുക. സർവകലാശാലക്ക് അധികവരുമാനം കണ്ടെത്താവുന്ന മാർഗമാണെങ്കിലും അദ്ധ്യാപകരുടെ സേവനം ഉൾപ്പെടെ എപ്രകാരം ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതും ചർച്ച ചെയ്യണം. സന്നദ്ധരായ ഒരു ടീമിനെ കണ്ടെത്തണം. സർവകലാശാലക്ക് അകത്തും പുറത്തുമുള്ള വിദ്യാർത്ഥികളുടെ ഫീസ്, ക്ലാസ് സമയം, പഠന സാമഗ്രികൾ ഇവയൊക്കെ ചർച്ച ചെയ്തു തീരുമാനിക്കുന്നതിന് ഒരു സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിദ്യാർത്ഥിക്ഷേമ ഡയറക്ടറെ ചുമതലപ്പെടുത്താവാനും തീരുമാനിച്ചു.

**തീരുമാനം 4/21** നടപ്പിലാക്കുക. സമിതി രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് വിദ്യാർത്ഥിക്ഷേമ ഡയറക്ടർക്ക് ചുമതല നൽകുന്നു.

ഇനം
**5/21**

## 2019-20 അധ്യയനവർഷത്തിൽ ഒന്നാംവർഷ മാധ്യമപഠന ബിരുദാനന്തരബിരുദ കോഴ്സിലേക്ക് പുനഃപ്രവേശനം നൽകുന്നത് സംബന്ധിച്ച്

(22/2018/പ.വി.)

**തീരുമാനം 5/21** പ്രവേശനച്ചട്ടങ്ങളിലും ഹാജർ വ്യവസ്ഥകളിലും മാറ്റങ്ങൾ വരുത്താതെ പുനഃപ്രവേശനത്തിന് അനുമതി നൽകാനാവില്ല.

ഇനം **6/21**

**മലപ്പുറം കണ്ടനകത്തുള്ള 'സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം' നടത്തുന്ന വിവിധ ഡിപ്ലോമ / സർട്ടി ഫിക്കറ്റ് കോഴ്സുകൾക്ക് സർവകലാശാലയുടെ അംഗീ കാരം നൽകലും വാദ്യകലാപഠനത്തിനുള്ള സബ്സെന്റ റായി അംഗീകരിക്കലും സംബന്ധിച്ച്**

(225/2015/വി.സി. വാല്യം 2)

**തീരുമാനം 6/21** സർവകലാശാലയിലെ നിലവിലുള്ള കോഴ്സുകളെപ്പറ്റി വ്യക്ത തയുണ്ടാക്കിയ ശേഷം, കൂടുതൽ വികസനപ്രവർത്തനങ്ങൾ നടക്കുന്ന മുറക്ക് കലാവിഭാഗം (ആർട്സ് ഫാക്കൽറ്റി) ആരംഭിക്കുവാൻ തത്വത്തിൽ അനുമതി യുണ്ട്. പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ കലാവിഭാഗം ആരംഭി ക്കുവാനുള്ള നടപടികൾ കൈക്കൊള്ളുകയും ആ ഫാക്കൽറ്റിയുടെ അംഗീകാ രത്തോടെ മാത്രം ഇത്തരം കോഴ്സുകൾക്ക് അനുമതി നൽകുകയും ചെയ്യാം. സർവകലാശാലയ്ക്കു കീഴിൽ ഉപകേന്ദ്രങ്ങൾ (sub-centre) തുടങ്ങിക്കൊണ്ടും ഇത്തരത്തിലുള്ള കോഴ്സുകൾ നടത്താം. പക്ഷേ സർവകലാശാല നേരിട്ടു നടത്തുന്ന കോഴ്സുകൾക്കു മാത്രമേ അനുമതി നൽകാവൂ. കോഴ്സുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ സർവകലാശാലയിൽ ആർട്സ് ഫാക്കൽറ്റി തുടങ്ങുക. അതിനൊരു പഠനബോർഡ് ഉണ്ടാക്കുക. പാഠ്യപദ്ധതി നിശ്ചയിക്കു ക. അത്തരമൊരു അക്കാദമിക സംവിധാനത്തിലൂടെ മാത്രമേ ഇത്തരം കോഴ്സു കളുടെ ഗുണനിലവാരം മനസ്സിലാക്കാനാവൂ.

'സോപാനം' സമർപ്പിച്ച സിലബസ് വിലയിരുത്തുവാൻ പ്രാപ്തമായ ഫാക്കൽറ്റി നിലവിൽ സർവകലാശാലയിൽ ഇല്ലാത്ത സാഹചര്യത്തിൽ 'ആർട്സ് ഫാക്കൽറ്റി' ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് തീരുമാ നിച്ചു. ഈ സാഹചര്യത്തിൽ ഈ വിഷയം പിന്നീട് ചർച്ച ചെയ്യുന്നതിനായി മാറ്റിവെച്ചു.

ഇനം **7/21**

**മറ്റ് കാര്യങ്ങൾ**

**തീരുമാനം 7/21** ഏതു സാങ്കേതികപദവും മലയാളത്തിലെ പറയാവൂ എന്നത് ഒരു നയമാക്കി എടുക്കണമെന്ന് ഡോ. എം.ആർ രാഘവവാരിയർ അഭിപ്രായ പ്പെട്ടു.

യോഗം 1.30 ന് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്